# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3728 19-02-2013 ന് മറുപടിയ്ക്ക്**

## തൂത്താംപാറ എസ്റ്റേറ്റ് വനം വികസന കോർപ്പറേഷന് നൽകാൻ നടപടി

| ചോദ്യം<br>ശ്രീ. എ. എ. അസീസ് | മറുപടി<br>ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
|---|---|
| (എ) പാലക്കാട് നെല്ലിയാമ്പതി പഞ്ചായത്തിലെ തൂത്താംപാറ എസ്റ്റേറ്റ് കേരള വനം വികസന കോർപ്പറേഷൻ എന്നാണ് ഏറ്റെടുത്തത് ;<br>(ബി) വനം വികസന കോർപ്പറേഷനിൽ നിന്നും തൂത്താംപാറ എസ്റ്റേറ്റ് എന്ന് മുതലാണ് വനം വകുപ്പ് തിരിച്ചെടുത്തത്; | (എ) & (ബി) തൂത്താംപാറ എസ്റ്റേറ്റ് കേരള വനം വികസന കോർപ്പറേഷൻ ഏറ്റെടുത്തിട്ടില്ല. വിള ശേഖരണത്തിനുമാത്രമായി കൈമാറപ്പെട്ട പ്രസ്തുത എസ്റ്റേറ്റ് 24.12.2012-ൽ വനം വകുപ്പ് തിരിച്ചെടുക്കുകയുണ്ടായി. |
| (സി) വനം വകുപ്പ് തിരിച്ച് എടുക്കുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; | (സി) പാരിസ്ഥിതികാഘാതം കുറയ്ക്കുക ലക്ഷ്യമാക്കി ജൈവ വസ്തുക്കൾ മാത്രം ഉപയോഗിച്ച് വിളകൾ ഉൽപ്പാദിപ്പിക്കുന്നതിനായി, പ്രസ്തുത എസ്റ്റേറ്റിലെ ഉൽപ്പന്നങ്ങൾക്ക് ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് വനം വകുപ്പ് ടി എസ്റ്റേറ്റ് തിരിച്ചെടുത്തിട്ടുള്ളത്. |
| (ഡി) തൂത്താംപാറ എസ്റ്റേറ്റ് വനം വികസന കോർപ്പറേഷന് വീണ്ടും തിരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) മേൽ വിവരിച്ച കാരണങ്ങളാൽ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

2